കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ കീഴിലുള്ള കാക്കനാട് ജംഗ്ഷനിലെ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ 4,5,6,7 എന്നീ കടമുറികളുടെ വാടകയിൽ ഇളവ് നൽകാൻ നഗര സഭയ്ക്ക് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (കൈ)നം.**263**/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, **19/08/2015.**

പരാമർശം: 1)19/09/2013 ൽ ശ്രീ. അബ്ദുൾ സത്താർ മുതൽപേർ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച് ഹർജി .
2) 18/09/2012 ലെ 53015/ആർ.സി3/12/ ത.സ്വ.ഭ.വ നമ്പർ കത്ത്.

## ഉത്തരവ്

തൃക്കാക്കര നഗരസഭയുടെ കീഴിലുള്ള മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ 4,5,6,7 കടമുറികൾ ശ്രീ. അബ്ദുൾ സത്താർ എൻ.പി, ശ്രീ. അബ്ദുൾ ഖാദർ സി.പി., ശ്രീ അബ്ദുൾ സത്താർ ഇ.ജെ, ശ്രീ കുഞ്ഞുമുഹമ്മദ് വി.ഐ എന്നിവർ യഥാക്രമം 22,000, 26,500,30,000, 24,000/ രൂപ പ്രതിമാസ വാടകയ്ക്ക് ലേലം പിടിച്ചിരുന്നു. എന്നാൽ ടി വാടക തുക ഹർജിക്കാർക്ക് താങ്ങാൻ കഴിയുന്നതിലും കൂടുതലായതിനാൽ വാടക തുകയും വാടക കുടിശ്ശികയും ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെട്ട് കടയുടമകൾ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി വാടക തുകകൾ ഹർജിക്കാർ തന്നെ ലേലത്തിൽ പിടിച്ചതാകയാൽ ലേലത്തിന് ശേഷം വാടകതുകയിൽ കുറവ് വരുത്താൻ സാധിക്കുകയില്ല. ലേലത്തുക താങ്ങാവുന്നതിൽ കൂടുതലാണെങ്കിൽ ടി കടമുറികൾ പുനർ ലേലത്തിന് സർക്കാർ സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ലൈസൻസികൾ ലേലത്തിലൂടെയാണ് വാടക ഉറപ്പിച്ചതെങ്കിലും കോടതിയിൽ കേസു നടക്കുന്ന കാര്യം മറച്ചു വച്ചു കൊണ്ട്. ലേലത്തിൽ പങ്കെടുത്തവരെ മുഴുവൻ കബളിപ്പിച്ചാണ് ഈ ലേലം നടത്തിയതും, കൂടുതൽ തുക വിളിച്ച ഹർജിക്കാർക്ക് ലേലം ഉറപ്പിച്ചതും. ലേലം താൽക്കാലികമായി ഉറപ്പിക്കുകയും അവരുടെ പക്കൽ നിന്നും വൻ തുക ഡെപ്പോസിറ്റായി ഈടാക്കുകയും ചെയ്ത ശേഷം മാസങ്ങളോളം കടമുറി വിട്ടു കൊടുക്കാതെ പഞ്ചായത്ത്/ മുനിസിപ്പൽ അധികാരികൾ അനീതി കാട്ടിയതായി മനസ്സിലാക്കിയ ഹർജിക്കാർ തങ്ങളെ ലേലത്തിൽ നിന്നും ഒഴിവാക്കി, ഡെപ്പോസിറ്റ് തുക മടക്കിത്തരണമെന്നാവശ്യപ്പെട്ടപ്പോൾ നഗരസഭ അവരുടെ അപേക്ഷ പരിഗണിക്കാതെ നിർബന്ധിച്ച് കടമുറികൾ ഏറ്റെടുപ്പിക്കുകയാണ് ഉണ്ടായത്. 10 മാസത്തോളം ഈ കടമുറികൾ കൊണ്ട് ഹർജിക്കാർക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല.

ഡെപ്പോസിറ്റായി ഹർജിക്കാർ അടച്ചിരുന്ന വൻ തുകകൾക്ക് യാതൊരു പലിശയും നൽകിയിട്ടുമില്ല. ഹർജിക്കാർക്ക് കടമുറികൾ വിട്ട് നൽകിയപ്പോൾ ഷട്ടറുകൾ പിടിപ്പിക്കുകയോ, തേയ്ക്കുകയോ , ഫ്ളോറിംഗ് , വയറിംഗ് എന്നിവ നടത്തുകയോ ചെയ്തിട്ടില്ലായിരുന്നു. ഈ ജോലികളെല്ലാം സ്വന്തം ചിലവിലാണ് നടത്തിയതെന്നും അതിന് ഭീമമായ തുക ചിലവാക്കേണ്ടി വന്നുവെന്നും ഹർജിക്കാർ ബോധിപ്പിച്ചിരുന്നു. 02.12.2009 ൽ നടന്ന ലേലത്തിൽ വളരെ അധികരിച്ച നിലയിലാണ് ഹർജിക്കാർ ലേലം കോണ്ടിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി നഗരസഭാ സെക്രട്ടറിയും നഗരസഭയിലെ ഇതര ഷോപ്പിംഗ് കോംപ്ലക്സുകളുമായി താരതമ്യം ചെയ്യുമ്പോൾ, ടാക്സി സ്റ്റാന്റ് കോംപ്ളക്സിലെ കടമുറികൾക്ക് നിശ്ചയിച്ച് വാടക വളരെ കൂടുതലാണെന്ന് മുനിസിപ്പൽ സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 12/08/2015-ൽ കൂടിയ മന്ത്രി സഭാ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ കീഴിലുള്ള കാക്കനാട് ജംഗ്ഷനിലെ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ 4,5,6,7 എന്നീ കടമുറികളുടെ വാടകയിൽ ഇളവ് നൽകാൻ നഗരസഭയ്ക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്,
സെക്രട്ടറി.

ശ്രീ. കുഞ്ഞു മുഹമ്മദ്, വാളംകോട്ടിൽ എരിയക്കാട്ടുമൂലയിൽ വീട്, തൃക്കാക്കര, എറണാകുളം.
ശ്രീ. അബ്ദുൾ സത്താർ, വാളംകോട്ടിൽ എരിയക്കാട്ടുമൂലയിൽ വീട്, തൃക്കാക്കര, എറണാകുളം.
ശ്രീ. അബ്ദുൾ ഖാദർ, ചാലക്കര, പടമുഗൾ,എറണാകുളം
ശ്രീ. അബ്ദുൾ സത്താർ.എം.ബി, ഞാറക്കൽ വീട്,എടത്തല, എറണാകുളം
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (LBA&A), കേരളം, തിരുവനന്തപുരം
നിയമ വകുപ്പ് ( 26352/ ഒപീനിയൻ/ഡി3/2014) ഫയൽ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.